1.	ഗ്രാമീണ ഉപഭോക്തൃ പദ്ധതി 27 സംഘങ്ങൾ	-	23.80 കോടി രൂപ
2.	സഹകരണനീതി സ്റ്റോറുകൾ 165 സംഘങ്ങൾ	-	1.32 കോടി രൂപ
3.	സംസ്ക്കരണ യൂണിറ്റുകൾ 6 സംഘങ്ങൾ	-	1.83 കോടി രൂപ
4.	പ്രാഥമിക കാർഷികവായ്പാ സഹകരണസംഘങ്ങൾക്ക് കംപ്യൂട്ടർ വാങ്ങുന്നതിനുള്ള ധനസഹായം	-	1.67 കോടി രൂപ
5.	സംഘങ്ങൾക്ക് ഗോഡൗൺ പണിയുന്നതിന് 33 സംഘങ്ങൾ	-	2.20 കോടി രൂപ
6.	വിപണന സംഘങ്ങൾക്കുള്ള മാർജിൻ മണി 7 സംഘങ്ങൾ	-	0.22 കോടി രൂപ
7.	ഫാർമേഴ്സ് സർവീസ് സെന്ററുകൾ തുടങ്ങുന്നതിന് പ്രാഥമിക കാർഷികവായ്പ സഹകരണസംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി 13 സംഘങ്ങൾ	-	6.87 കോടി രൂപ
8.	ഐ.സി.ഡി.പി. പദ്ധതി ഇടുക്കി, പത്തനംതിട്ട തൃശൂർ, മലപ്പുറം, കണ്ണൂർ , കാസർഗോഡ് ജില്ലകൾ	-	14.57 കോടി രൂപ
		ആകെ	132.48 കോടി രൂപ

റബ്കോ സംഭരിച്ച റബ്ബർ

126(1029) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ഫെബ്രുവരി ഒന്നുവരെ 'റബ്കോ' എത്ര ടൺ റബ്ബർ സംഭരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ എത്ര ടൺ ആഭ്യന്തര വിപണിയിൽ വിറ്റഴിച്ചു എന്നും എത്ര ടൺ കയറ്റുമതി ചെയ്തുവെന്നും വെളിപ്പെടുത്തുമോ ;

(സി) 'റബ്കോ'യുടെ കൈവശം 2000 ഫെബ്രുവരി ഒന്നിന് എത്ര ടൺ റബ്ബർ സ്റ്റോക്ക് ഉണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 1997-98 മുതൽ 2000 ഫെബ്രുവരി ഒന്നുവരെയുള്ള കാലയളവിൽ റബ്കോ 41,129,836 മെട്രിക് ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്.

(ബി) ഇതിൽ 28700.01 മെട്രിക് ടൺ റബ്ബർ ആഭ്യന്തര വിപണിയിൽ വിറ്റഴിച്ചിട്ടുണ്ട്. കയറ്റുമതി 2997 മെട്രിക് ടൺ ആണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2000 ഫെബ്രുവരി ഒന്നിന് 12429.826 മെട്രിക് ടൺ സ്റ്റോക്കുണ്ട്.

സഹകരണ സ്ഥാപനങ്ങളിലെ നിയമനം

127(1030) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിലെ ഏതെല്ലാം സ്ഥാപനങ്ങളിലെ നിയമനമാണ് പി.എസ്.സി. ക്ക് വിട്ടുകൊടുത്തിരിക്കുന്നത് ;

(ബി) ഈ തസ്തികകളുടെ ലിസ്റ്റ് പി.എസ്.സി.ക്ക് നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) ഇടക്കാലത്ത് നേരിട്ടും എംപ്ലോയ്മെന്റ് വഴിയും ഈ സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുള്ളവരെ പി.എസ്.സി. യിൽ നിന്നും ലിസ്റ്റ് വരുമ്പോൾ എന്ത് ചെയ്യുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) സഹകരണ വകുപ്പിന്റെ ഭരണനിയന്ത്രണത്തിൽ വരുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ നിയമനം ആണ് പി.എസ്.സി.ക്ക് വിട്ട് കൊടുത്തിട്ടുള്ളത്.

1. കേരള സംസ്ഥാന സഹകരണ ബാങ്ക്
2. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്
3. കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ
4. കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ
5. കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ
6. കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ
7. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ ഫെഡറേഷൻ
8. കേരള കേര കർഷക സഹകരണ ഫെഡറേഷൻ
9. പതിനാല് ജില്ലാ സഹകരണ ബാങ്കുകൾ

(ബി&സി) നേരിട്ട് നിയമനം നടത്തേണ്ട തസ്തികകളിലെ ഒഴിവുകളെ സംബന്ധിച്ച ലിസ്റ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങളാണ് പി.എസ്.സി.ക്ക് നൽകേണ്ടത്.

(ഡി) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേക്ക് പി.എസ്.സി. അഡ്വൈസ് ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ചവരെ പിരിച്ചുവിടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly